കൂടിക്കാഴ്ചയിൽ, ഈ സ്ഥാനം വഹിക്കുന്നതിന് ആവശ്യമായ 'ശക്തിയും ബുദ്ധിയും' തനിക്കു നൽകാൻ അദ്ദേഹം ഈശ്വരനോടു പ്രാർത്ഥിക്കുകയുണ്ടായി. ഈ പ്രാർത്ഥനയിൽ രാഷ്ട്രത്തിനു മുഴുവൻ പങ്കുചേരാവുന്നതാണ്.

16 ജൂലായ്, 1982

# 27. ഇന്ത്യയെപ്പററി ഒരു ബ്രിട്ടീഷ് നിരീക്ഷകൻ

അടിയന്തരാവസ്ഥയെപ്പററി ഇന്ത്യയ്ക്ക് അകത്തും പുറത്തും ധാരാളം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഇവയിൽ വീക്ഷണത്തിന്റെ വിശാലത, പ്രശ്നങ്ങളുടെ മർമ്മം കാണാനുള്ള കഴിവ്, തീക്ഷ്ണമായ ആശയാവിഷ്കരണരീതി എന്നിവകൊണ്ട് ഏററവും മികച്ചു നില്ക്കുന്ന ഒന്നാണ് ഡേവിഡ് സെൽബോൺ (David Selbourne) എന്ന ഇംഗ്ലീഷുകാരന്റെ 'ഇന്ത്യയിലേക്ക് ഒരു കണ്ണ്' (An Eye to India) എന്ന പുസ്തകം. 1937-ൽ ജനിച്ച സെൽബോൺ സാമാന്യം പ്രശസ്തിയുള്ള ഒരു നാടകകൃത്താണ്; അതിലേറെ ഉൾക്കാഴ്ചയോടെ ഇന്ത്യയേയും ചൈനയേയുംപററി പഠിച്ചു കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ രാഷ്ട്രതന്ത്രജ്ഞനുമാണ്. അദ്ദേഹം ചൈനയെപ്പററി എഴുതിയ 'ചൈനയിലേക്ക് ഒരു കണ്ണ്' (An Eye to China) എന്ന പുസ്തകവും (1975) പ്രസിദ്ധിയാർജിച്ചിട്ടുണ്ട്.

മാർച്ച് 15-ലെ 'ഇന്ത്യ ടു ഡേ' എന്ന വാരികയിൽ 'ഇന്ത്യയുടെ പ്രാധാന്യം' എന്ന ഒരു ചെറിയ ലേഖനം സെൽബോൺ എഴുതിയിട്ടുണ്ട്. ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാർ ഇപ്പോൾ ഇന്ത്യയെ വീക്ഷിക്കുന്നതു പരമമായ അവജ്ഞയോടെയാണെന്ന് ഇതിൽ സെൽബോൺ പറയുന്നു. ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയെപ്പററി ലോകത്തിനുള്ള മതിപ്പു ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ രാഷ്ട്രീയവ്യവസ്ഥിതിയിൽ വന്നുകൂടിയ അധഃപതനവും, രാഷ്ട്രീയനേതാക്കളുടെ നൈതികവും ബുദ്ധിപരവുമായ താഴ്ന്ന നിലവാരവുമാണ് ഇന്ത്യയുടെ പ്രശസ്തി ഇങ്ങനെ ക്ഷയിക്കുന്നതിനുള്ള കാരണം.

ഇന്ത്യയിലേക്കു വരുംമുമ്പ് ചാർലസ് രാജകുമാരൻ ബ്രിട്ടനിലെ വിദേശകാര്യസിക്രട്ടറിയായ ലോർഡ് കാരിങ്ടനോട്, ഇന്ത്യയിൽ ചെന്നാൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയോട് എന്തു സംസാരിക്കണമെന്നു ചോദിച്ചുവത്രേ. 'ഓ, ഒന്നും സംസാരിക്കേണ്ട; ആ സ്ത്രീയെ നോക്കി ചുമ്മാ പുഞ്ചിരിച്ചാൽത്തന്നെ ധാരാളമായി' എന്നായിരുന്നുവത്രേ കാരിങ്ടന്റെ മറുപടി!

വിദേശീയ രാഷ്ട്രീയ നേതാക്കന്മാരിൽ പലർക്കും ഇന്ത്യയോടും ഇന്ത്യയുടെ നേതാക്കളോടും ഇത്തരം പുച്ഛമാണ് ഇപ്പോഴുള്ളതെന്ന് സെൽബോൺ പറയുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ഇന്ത്യൻ ഭരണകർത്താക്കളുടെ അഴിമതികളും വിവരക്കേടുകളും, തത്ഫലമായി ഇന്ത്യൻ സ്ഥാപനങ്ങൾക്ക് ആകെ വന്നുചേർന്ന കുത്തഴിവും ഇത്തരമൊരു വിലയിരുത്തലിനു സ്വാഭാവികമായും കളമൊരുക്കിയിരിക്കുന്നു.

ഇന്ത്യയിലെ ജനകോടികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളേയും സഹിക്കുന്ന അനീതികളെയും അസമത്വങ്ങളെയും കുറിച്ചുള്ള അസുഖകരമായ ബോധം ഈ വിലയിരുത്തലിനു കനം കൂട്ടുന്നു.

ഇന്ത്യയെപ്പററി അറിയാവുന്ന പാശ്ചാത്യർക്കിടയിൽ, ഇന്ത്യയുടെ

ഗതി എങ്ങോട്ടാണെന്നതിനെപ്പററി ഗുരുതരമായ ആശങ്കയുണ്ടെന്ന് സെൽബോൺ പറയുന്നു. രാഷ്ട്രീയമായി ഇന്ത്യ അധഃപതനത്തിലേക്ക തല കത്തി വീണുകൊണ്ടിരിക്കുകയാണെന്നും, പ്രാകൃതമായ വ്യവസ്ഥാരാഹിത്യത്തിലേക്ക അതിവേഗത്തിൽ ഉന്തിവിടുന്ന ശക്തികൾ ഇന്ത്യയുടെ രാഷ്ട്രീയസംവിധാനത്തിനുള്ളിൽ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണെന്നും പല നിരീക്ഷകരും കരുതുന്നു. ഇന്ത്യയിൽ രാഷ്ട്രീയപ്രവർത്തനം കൂടുതൽ കൂടുതൽ കററവാളികളുടെ കൈയിൽ അമർന്നുകൊണ്ടിരിക്കുന്നു. ഉത്തരേന്ത്യയിൽ പല ഭാഗങ്ങളിലും, കോമിന്താങ്ങ് ചൈനയിലേപ്പോലെ, 'യുദ്ധപ്രഭു'ക്കൾ പൊന്തിവന്നിരിക്കുന്നു. 'മൂന്നാം ലോക'ത്തിൻെറ സവിശേഷതയായ 'പട്ടാളഭരണം' ഇനിയും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. എങ്കിലും, 'പട്ടാളസ്വേച്ഛാധിപതികളുടെ ഭരണം ഇന്ത്യയും ഒരു ദിവസം അനുഭവിക്കേണ്ടിവരുമെന്ന കാര്യത്തിൽ എനിക്ക വളരെയൊന്നും സംശയമില്ല' എന്ന് സെൽബോൺ ഉറപ്പിച്ചു പറയുന്നു. കാരണം, ബ്രിട്ടീഷ് മാതൃകയിലുള്ള ജനാധിപത്യവും നിയമവിധേയഭരണവും ഇന്ത്യൻ ഭരണാധികാരികളുടെ കൈയിൽ ജീർണിച്ചു പൊടിഞ്ഞുകൊണ്ടിരിക്കുകയാണ്. പതുക്കെപ്പതുക്കെ ഇന്ത്യ ഒരു 'അക്രമസമുദ്ര'മായി മാറിക്കൊണ്ടിരിക്കുന്നു.

പാശ്ചാത്യ നിരീക്ഷകർ, പക്ഷേ, ഇതൊന്നും തുറന്നു പറയാറില്ല. അവരിൽ പലരുടേയും കണ്ണ്, ഇന്ത്യയിലെ ഈ കഴപ്പങ്ങളിൽനിന്ന് എളുപ്പത്തിൽ കുറേ പണം എങ്ങനെ നേടാമെന്നതിലാണ്. ഇന്ത്യയിൽ കൂലി കുറവാണ്. മൂലധനം നിക്ഷേപിച്ചാൽ, സുരക്ഷിതത്വം കുറവാണെങ്കിലും, എളുപ്പത്തിൽ ലാഭം വാരിക്കൂട്ടാം. എന്നാലും, സ്വന്തം സാമ്പത്തികതാല്പര്യങ്ങൾ പരമാവധി അടിയറവെച്ചാലല്ലാതെ, ഇന്ത്യക്കു വിദേശമൂലധനം നേടാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഇന്ത്യയോടു വിദേശീയർ പ്രകടിപ്പിക്കുന്ന പുച്ഛം, ഇന്ത്യയിൽനിന്നു സാമ്പത്തിക സൗജന്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ഒരടവുകൂടിയാണ്.

മററു ചില പാശ്ചാത്യർക്കാണെങ്കിൽ ഇന്ത്യ ഇപ്പോഴും ദർശനങ്ങളുടേയും മിസ്റ്റിസിസത്തിൻെറയും കാലാതീതമായ ഹൈന്ദവസംസ്കാരത്തിൻെറയും ഒക്കെ നാടാണ്. രവിശങ്കറിൻെറ സിതാർ, രജനീഷിൻെറ ആശ്രമം, വാരാണസി, ഭിക്ഷുക്കൾ—ഇതൊക്കെയേ അവർക്ക് ഇന്ത്യയിൽ അറിയേണ്ടതായുള്ളൂ. ഭാവിയിലെ ലോകചരിത്രത്തിൽ ഇന്ത്യക്കും ചൈനയ്ക്കും നിർണായകമായ പ്രാധാന്യമുണ്ടെന്ന് സെൽബോൺ കരുതുന്നു. ജനപ്പെരുപ്പം, വാണിജ്യസാദ്ധ്യത, ഭൂമിശാസ്ത്രം, ഭൂരാഷ്ട്രതന്ത്രം മുതലായവയിൽ മാത്രം അധിഷ്ഠിതമല്ല ഈ പ്രാധാന്യം. ഇന്ത്യയിലെ ജനകോടികളുടെ മാനവീയമായ അന്തസ്സും സാംസ്കാരിക വൈവിദ്ധ്യവും, ഇവ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യമാററ സാദ്ധ്യതകളുമാണ് ഇന്ത്യക്ക് ലോകപശ്ചാത്തലത്തിൽ പ്രാധാന്യം നൽകുന്നത്. ഇന്ത്യൻ തൊഴിലാളികളുടെ സർഗശക്തിയും ഊർജവും അപരിമിതമാണ്. ഇന്നു നിലവിലുള്ള പ്രാകൃത ചൂഷണവ്യവസ്ഥയിൽനിന്നു മോചിക്കപ്പെട്ടാൽ ഈ സർഗശക്തിയും ഊർജവും മനുഷ്യവർഗത്തിലാകെ വരുത്തിത്തീർക്കാവുന്ന മാററത്തിന് അതിരില്ല. ഇന്ത്യയുടെ രാഷ്ട്രീയസംവിധാനത്തിൻെറ ഉപരിതലത്തിൽ എന്തെല്ലാം അഴിമതികൾ ഇന്നുണ്ടെങ്കിലും, ആ സംവിധാനത്തിൻെറ അഗാധതലങ്ങളിൽ നവീകരണത്തിനുള്ള അനന്ത സാദ്ധ്യതകൾ കുടികൊള്ളുന്നു. പരമ ദരിദ്രരും, തലമുറകളായി ചവിട്ടിമെതിക്കപ്പെട്ടവരുമായ ജനകോടികൾ തങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും രാഷ്ട്രീയശക്തിയും തിരിച്ചു നേടുന്നതിനു നടത്തുന്ന സമരങ്ങളാണ് ഈ നവീകരണത്തിൻെറ അസ്ഥിവാരം. ഈ സമരങ്ങളിലൂടെ ഇന്ത്യ പുനഃസൃഷ്ടിക്കപ്പെടുമെന്ന് സെൽബോൺ വിശ്വസിക്കുന്നു.

ഈ സമരം നീണ്ടുനില്ക്കുന്ന ഒന്നായേക്കാം. പക്ഷേ, അതിൻെറ ആക്കം

ക്രമത്തിൽ വർദ്ധിക്കാതിരിക്കയില്ല. അങ്ങനെ ഇന്ത്യ ലോകത്തിലെ ഏററവും തിരക്കേറിയ നാൽക്കൂട്ടപ്പെരുവഴിയായിത്തീരും; ബാഹ്യ താല്പര്യങ്ങളുടേയും ശക്തിച്ചേരികളുടേയും സമ്മർദതന്ത്രങ്ങൾ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്ന, എല്ലാ വിയററ്നാമുകളെയും എന്നെന്നേക്കുമായി അവസാനിപ്പിക്കുന്ന, വിയററ്നാം, ഒരുപക്ഷേ, ഇന്ത്യയായിരിക്കും; കിഴക്കും പടിഞ്ഞാറും തമ്മിൽ ആദർശസംഹിതകളെച്ചൊല്ലി നടക്കുന്ന സമരങ്ങളുടെ ഏററവും വലിയ രംഗവും ഇന്ത്യയായേക്കാം. ലോകത്തിലെ മററു രാജ്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഓരോ രാഷ്ട്രീയപ്രശ്നവും ഓരോ സാമ്പത്തികപ്രശ്നവും, രാഷ്ട്രീയമായ കാര്യനിർവഹണവും സാമ്പത്തികവികസനവും സംബന്ധിച്ച ഓരോ പ്രശ്നവും, സാമ്പത്തിക വിഭവങ്ങളുടെ ഉപയോഗവും ദുരുപയോഗവും, ജനാധിപത്യം, ഏകാധിപത്യം, ജനസംഖ്യാനിയന്ത്രണം, സർവോപരി സാമൂഹ്യവും സാമ്പത്തികവുമായ നീതി എന്നിവ സംബന്ധിച്ച പ്രശ്നങ്ങളും, എല്ലാം, എത്രയോ കൂടുതൽ വലിപ്പത്തിൽ, ഇന്ത്യയിലും ചൈനയിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരം പ്രശ്നങ്ങളിൽ പരീക്ഷണം നടത്തി ഉത്തരം കാണുന്നതിനുള്ള ലബോറട്ടറികളല്ല ഇന്ത്യയും ചൈനയും. സമ്മർദങ്ങളും സംഘർഷങ്ങളും തിളച്ചുമറിയുന്ന കടാഹങ്ങളാണ്. അതിനാൽ ആധുനിക ഇന്ത്യയിൽ സംഭവിക്കുന്ന ഓരോ മാററവും സശ്രദ്ധമായ നിരീക്ഷണം അർഹിക്കുന്നുണ്ട് എന്ന് സെൽബോൺ കരുതുന്നു.

ഒരു കാലത്ത് ലോകരാഷ്ട്രതന്ത്രത്തിന്റെ കേന്ദ്രങ്ങൾ ലണ്ടനും വിയന്നയും ബർലിനും പാരീസുമായിരുന്നു. ഇപ്പോൾ വാഷിങ്ടനും മോസ്കോവുമാണ് ലോകരാഷ്ട്രതന്ത്രകേന്ദ്രങ്ങൾ. എന്നാൽ, ഭാവിയിൽ ബൈജിങ്ങും ദൽഹിയുമായിരിക്കും ഈ കേന്ദ്രങ്ങൾ എന്നതിൽ സെൽബോണിനു സംശയമില്ല. ഒന്നു മാത്രം; അതിനു മുമ്പ് ഒരു അണുയുദ്ധത്തിൽ നമ്മളെല്ലാം നശിപ്പിക്കപ്പെടുമോ? അങ്ങനെ സംഭവിക്കാത്തപക്ഷം, ലോകചരിത്രത്തിൽ ഇന്ത്യയും ചൈനയും നിർണായകമായ നേതൃത്വം നേടിയെടുക്കുകതന്നെ ചെയ്യുമെന്ന് സെൽബോൺ വിശ്വസിക്കുന്നു. ഇന്നത്തെ നിർഭാഗ്യങ്ങൾ ഇന്ത്യക്കു മേൽ വീഴ്ത്തിയിട്ടുള്ള നിഴൽ ഏറെ താമസിയാതെ ഒഴിഞ്ഞു പോകാവുന്നതേയുള്ളു എന്നും അദ്ദേഹത്തിനുറപ്പുണ്ട്.

സെൽബോണിന്റെ നിരീക്ഷണങ്ങൾ അതിശയോക്തിപരങ്ങളായിരിക്കാം. ഇന്ത്യയുടെ വർത്തമാനകാലത്തെ കടുത്ത ചായങ്ങളിലാവാം സെൽബോൺ വരയ്ക്കുന്നത്. എന്നാലും, ഈ ഇംഗ്ലീഷുകാരന്റെ ഗ്രന്ഥങ്ങളും ലേഖനങ്ങളും തീർച്ചയായും നമ്മുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നവയാണ്.

19 മാർച്ച്, 1982

## 28. ഏഷ്യാഡ്

ഒമ്പതാം ഏഷ്യാഡ് ആരംഭിക്കുന്നതിന് ഏഴു മണിക്കൂർ മുമ്പാണ് ഇതെഴുതുന്നത്. ഇതു് അച്ചടിച്ച 'കുങ്കുമം ലക്കം' പുറത്തു വരിക ഏഷ്യാഡ് അവസാനിച്ച്, പിന്നെയും പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞിട്ടായിരിക്കും. ഏഷ്യാഡിലെ സംഭവങ്ങൾ ഉണർത്തിവിട്ട തീവ്രവികാരങ്ങൾ അപ്പോഴേക്ക് ഓർമകളിൽപ്പോലും കെട്ടടങ്ങിയിട്ടുണ്ടാവും. ഏഷ്യാഡ് നടന്ന ദില്ലിയിൽനിന്ന് എത്രയോ അകലെ, കേരളത്തിലെ വിദൂരഗ്രാമങ്ങളിലിരുന്ന് ഇതു വായിക്കുന്നവർക്ക്, ഈ കുറിപ്പുകൾക്ക് ആധാരങ്ങളായ സംഭവങ്ങൾ